# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 318 — 17.10.2016 ൽ - മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ<br>,, മുല്ലക്കര രത്നാകരൻ<br>,, ആർ. രാമചന്ദ്രൻ<br>,, എൽദോ എബ്രഹാം : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ സൂരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ റേഷൻ സാധനങ്ങളുടെ നീക്കം ഫോൺ മെസേജ് വഴി ജനങ്ങൾക്ക് അറിയുവാൻ സാധിക്കുമോ;<br><br>(ബി) റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുവാനും ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുവാനും ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങൾ മുഖാന്തിരം ഭക്ഷ്യധാന്യങ്ങളുടെ ഗതാഗതം നടത്തുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുവാൻ തയ്യാറാകുമോ ; | (എ) & (ബി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിനും റേഷൻ സാധനങ്ങളുടെ നീക്കം ഫോൺ മെസേജ് വഴി ജനങ്ങളെ അറിയിക്കുന്നതിനും ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങൾ മുഖേന ഭക്ഷ്യ ധാന്യങ്ങളുടെ ചരക്കു നീക്കം നടത്തുന്നതിനുമുള്ള സംവിധാനമൊരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) മേൽപ്പറഞ്ഞ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് എത്ര തുക ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ? | (സി) മേൽപ്പറഞ്ഞ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് സർക്കാർ ഏജൻസിയായ സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് സപ്ലൈകോ (സിവിൽ സപ്ലൈസ് കോർപ്പറേഷൻ) തയ്യാറാക്കി വരുന്നു. പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് തയ്യാറാകുന്ന മുറയ്ക്ക് മാത്രമേ തുക സംബന്ധിച്ച വിവരം ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ